**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 956** **29-08-2022 - ൽ മറുപടിയ്ക്ക്**

**റാന്നി വനാതിർത്തി നിർണയ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | റാന്നി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ റവന്യൂ,വനം വകുപ്പുകളുടെ സർവ്വേ നടപടികൾ പൂർത്തിയാകാത്ത കാരണം ഭൂമി സ്വന്തമായിട്ടുണ്ടായിട്ടും പട്ടയം ലഭിക്കാത്തതിനാൽ കൃഷിക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റാന്നി നിയോജകമണ്ഡലത്തിലെ പരിധിയിൽ വരുന്ന വന പ്രദേശങ്ങളിലെ 01.01.1977-ന് മുൻപുള്ള കൈയ്യേറ്റ സ്ഥലങ്ങൾ റവന്യൂ വനം വകുപ്പുകൾ പരിശോധിച്ച് സംയുക്ത പരിശോധന ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. ടി സ്ഥലങ്ങളിലെ പട്ടയ നടപടികൾക്കുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | വനാതിർത്തി നിർണയ സർവ്വേയുടെ ഫിസിക്കൽ പ്രോഗ്രസ് എത്ര ശതമാനമായിട്ടുണ്ട്; എന്നത്തേയ്ക്ക് സർവ്വേ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | റാന്നി നിയോജകമണ്ഡലത്തിലെ പരിധിയിൽ വരുന്ന വന പ്രദേശങ്ങളുടെ വനാതിർത്തി നിർണ്ണയം പൂർത്തിയാക്കിയിട്ടുള്ളതാണ്. |
| (സി) | സംയുക്ത സർവ്വേ പൂർത്തിയാക്കാൻ തടസങ്ങളുണ്ടോ; എങ്കിൽ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചിനിർണയ സർവ്വേയുടെ ഫിസിക്കൽ പ്രോഗ്രസ് എത്ര ശതമാനമായിട്ടുട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | റാന്നി നിയോജകമണ്ഡലത്തിലെ പരിധിയിൽ വരുന്ന വന പ്രദേശങ്ങളിലെ 01.01.1977-ന് മുൻപുള്ള കൈയ്യേറ്റ സ്ഥലങ്ങൾ റവന്യൂ വനം വകുപ്പുകൾ പരിശോധിച്ച് സംയുക്ത പരിശോധന ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ